(19) വേലായുധൻ പിള്ളയുടെ കൊലപാതകം

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട അരുവിക്കര പഞ്ചായത്തിലെ മണമ്പൂർ എന്നു പറയുന്ന സ്ഥലത്ത് കഴിഞ്ഞമാസം 18-ാം തീയതി രാവിലെ ഉദ്ദേശം അൻപത്തിയഞ്ചു വയസ്സു പ്രായംവരുന്ന വേലായുധൻപിള്ളയെന്ന ആളിന്റെ മൃതദേഹം കണ്ടെത്തുകയുണ്ടായി. അതിനെക്കുറിച്ച് ആളുകൾ റിപ്പോർട്ട് ചെയ്തതനുസരിച്ച് പോലീസും പാർട്ടിയും എത്തി പോസ്റ്റുമോർട്ടം നടത്തി. അതൊരു കൊലപാതകമാണെന്ന് വളരെ വ്യക്തമായിട്ട് തെളിഞ്ഞിരിക്കുകയാണ്. പക്ഷേ ഇതുവരെ കേസ് ചാർജ് ചെയ്തു രജിസ്റ്റർ ചെയ്തിട്ടില്ല. രണ്ടോമൂന്നോ ആളുകളെ ഇതിന്റെ പേരിൽ സംശയിക്കുന്നുണ്ട്. കുറ്റംചെയ്തുവെന്ന് ജനങ്ങൾ സംശയിക്കുന്ന ആളുകളെ വിടുവിക്കാനും കുറ്റം ചെയ്യാത്ത ആളുകളെ കേസ്സിൽ കുടുക്കുവാനും ഉള്ള ശ്രമങ്ങൾ പല ഭാഗത്തുനിന്നും നടക്കുന്നുണ്ട്. അതുകൊണ്ട് ഈ കേസ് ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ച് കാര്യമായ അന്വേഷണം നടത്തുകയും കുറ്റവാളികളുടെ പേരിൽ അടിയന്തിരമായ നടപടികളെടുക്കുകയും വേണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, വേലായുധൻപിള്ളയും അദ്ദേഹത്തിന്റെ അയൽക്കാരനായ വാസുദേവൻപിള്ളയും തമ്മിൽ എപ്പോഴും വഴക്കാണ്. രണ്ടുകൂട്ടരും നന്നായി മദ്യപിക്കുകയും ചെയ്യും. അങ്ങനെ ഒരു ദിവസം മദ്യപിച്ച് ഓവർ ആയി വഴിയിൽ കിടന്നു. എതായാലും വേലായുധൻപിള്ള കൊലചെയ്യപ്പെട്ടു. അതിനെ സംബന്ധിച്ച് കേസു രജിസ്റ്റർ ചെയ്യുക മാത്രമല്ല, പ്രതിയായ വാസുദേവൻപിള്ളയെ അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കി, കോടതി അദ്ദേഹത്തെ കസ്റ്റഡിയിൽ വച്ചിരിക്കുകയാണ്. കേസ് ശരിയായിട്ട് മുന്നോട്ടു പോകുന്നുണ്ട്.

(20) കൊടുങ്ങല്ലൂരിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ

ശ്രീ. വി. കെ. രാജൻ: സർ, കൊടുങ്ങല്ലൂർ ഒരു സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഇവിടെ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. പുരാതന കേരളത്തിന്റെ തലസ്ഥാനവും പ്രമുഖ തുറമുഖകേന്ദ്രവും വാണിജ്യ-വ്യാപാര രംഗത്ത് തനതായ വ്യക്തിത്വം ഉയർത്തിപ്പിടിച്ചിരിക്കുന്നതുമായ സ്ഥലമാണ് കൊടുങ്ങല്ലൂർ. ഇൻഡ്യയിലെ മുസ്ലീം മത പ്രവാചകനും ക്രിസ്തു മതപ്രവാചകനും ആദ്യമായി പ്രാർത്ഥിക്കുവാനും മതപരമായ വിശിഷ്ടപ്രവർത്തനങ്ങൾക്ക് തിരഞ്ഞെടുത്തതുമായ സ്ഥലമാണ് കൊടുങ്ങല്ലൂർ. അങ്ങനെ ചരിത്രപരവും വാണിജ്യപരവും മതപരവുമായ പ്രാധാന്യങ്ങൾക്കപ്പുറം മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാനെപോലുള്ള ആളുകൾക്ക്, കേരളം എന്നും മാതൃപുരസ്സരം സ്മരിക്കുന്ന ആധുനിക മലയാള സാഹിത്യത്തിന് ജൻമം നൽകിയ പുണ്യപ്രദേശവും കൂടിയാണ് കൊടുങ്ങല്ലൂർ. കൊടുങ്ങല്ലൂർ ഭഗവതിക്ഷേത്രം, അതിന്റെ ശക്തികൊണ്ടും പ്രശസ്തികൊണ്ടും തീർത്ഥാടകരുടെ പുണ്യഭൂമി കൂടിയാണിത്. അങ്ങനെ ജീവിതത്തിന്റെ സമസ്ത മേഖലകളെ സ്പർശിക്കുന്ന തീർത്ഥാടകരുടെ, ചരിത്രവിദ്യാർത്ഥികളുടെ, മത

LIBRARY ARCHIVES Kerala Legislative Assembly